പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3992 | 11.11.2019 -ൽ മറുപടിക്ക്

## വിശപ്പുരഹിത കേരളം പദ്ധതി

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വിശപ്പുരഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ; | **(എ)** ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് വിശപ്പ് രഹിത കേരളം പദ്ധതി. ആലപ്പുഴ ജില്ലയിൽ നിലവിൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലും കോട്ടയം, കൊല്ലം ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലുമാണ്; |
| **(ബി)** നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുകയാണ് മാറ്റി വച്ചിട്ടുള്ളത് ? | **(ബി)** നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**